"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം- പഴങ്ങനാട് സെൻ്റ് അഗസ്റ്റിൻസ് എൽ.പി സ്കൂളിലെ എൽ.ജി.അറബിക് ടീച്ചറായ ശ്രീ. റഷീദ്.എം.എ സമർപ്പിച്ച റിട്ട് ഹർജി നമ്പർ 30183/2022 ന്മേലുള്ള 23/09/2022 തീയതിയിലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1448/2023/GEDN തീയതി,തിരുവനന്തപുരം, 22-02-2023

---

പരാമർശം:-

1. പഴങ്ങനാട് സെൻ്റ് അഗസ്റ്റിൻസ് എൽ.പി സ്കൂളിലെ എൽ.ജി.അറബിക് ടീച്ചറായ ശ്രീ. റഷീദ്.എം.എ സമർപ്പിച്ച റിട്ട് ഹർജി നമ്പർ 30183/2022 ന്മേലുള്ള 23/09/2022 തീയതിയിലെ വിധിന്യായം
2. കോലഞ്ചേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 19-11-2022 ലെ സി/2958/2022 നമ്പർ കത്ത് പ്രകാരമുള്ള റിപ്പോർട്ട്
3. നോർത്ത് പറവൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23-11-2022 ലെ സി/2977/2022 നമ്പർ കത്ത് പ്രകാരമുള്ള റിപ്പോർട്ട്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28-11-2022 ലെ ഡി.ജി.ഇ/15017/2022-ഇ2 നമ്പർ കത്ത് പ്രകാരമുള്ള റിപ്പോർട്ട്

**ഉത്തരവ്**

പഴങ്ങനാട് സെൻ്റ് അഗസ്റ്റിൻസ് എൽ.പി സ്കൂളിലെ എൽ.ജി.അറബിക് ടീച്ചറായ ശ്രീ. റഷീദ്.എം.എ സമർപ്പിച്ച റിട്ട് ഹർജി നമ്പർ 30183/2022 ന്മേലുള്ള പരാമർശം 1 വിധിന്യായത്തിൽ ബഹു. ഹൈക്കോടതി ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് Ext.P7 റിവിഷൻ ഹർജി, 12.01.2010 തീയതിയിലെ G.O.(P)No.10/10/G.Edn പ്രകാരം മാനേജർ ബോണ്ട് സമർപ്പിച്ചതായി കണക്കാക്കി, Ext.P5 & P6 ൻ്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് നാല് മാസത്തിനുള്ളിൽ തീർപ്പാക്കാൻ നിർദ്ദേശിച്ചതിൻ പ്രകാരം ഹർജിക്കാരൻ്റെ നോമിനിയെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും 29-11-2022 ൽ നേരിൽ

കേട്ടു.

2. ഹർജിക്കാരന് 01-06-2009 മുതൽ ശമ്പളത്തോടുകൂടി പാർട്ട് ടൈം അറബി അദ്ധ്യാപക നിയമന അംഗീകാരവും 01-06-2014 മുതൽ പാർട്ട് ടൈം അറബി അദ്ധ്യാപക തസ്തികയിൽ അഞ്ചു വർഷ സേവനം കണക്കിലെടുത്തു ഫുൾടൈം അറബി അദ്ധ്യാപകന്റെ സേവന വേതന ആനുകൂല്യങ്ങളും നൽകി നിയമനം അംഗീകരിക്കാൻ ഉത്തരവ് പുറപ്പെടുവിക്കണം എന്നുമാണ് Ext.P7 ഹർജിയിലെ ആവശ്യം.

3. സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും, ഉത്തരവുകളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, ഹിയറിംഗ് വേളയിൽ ഉന്നയിച്ച വാദഗതികളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു

4. പറവൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന വടക്കേകര സെന്റ് പീറ്റേഴ്സ് സ്കൂളിൽ മാനേജർ ശ്രീ. റഷീദ് എം എ യെ 1.06.2009 മുതൽ നിയമിക്കുകയും ടി നിയമനം അംഗീകരിക്കുന്നതിനുള്ള അപേക്ഷ എ ഇ ഒ യിൽ സമർപ്പിക്കുകയും ചെയ്തു എന്നാൽ അധിക തസ്തികകളിലെ നിയമനം നടത്തുന്നതിന് നിയന്ത്രണം ഏർപെടുത്തികൊണ്ടുള്ള സർക്കാർ ഉത്തരവ് നിലനിന്നിരുന്നതിനാൽ ടിയാന്റെ നിയമനം നിരസിച്ചു നൽകി. 01.10.2011 ലെ G.O(P) No.199/2011/GEDN പ്രകാരമുള്ള അധ്യാപക പാക്കേജ് നിലവിൽ വന്നതിനെ തുടർന്ന് ടിയാന്റെ നിയമനം 1.06.2011 മുതൽ ടീച്ചേർസ് പാക്കേജിൽ ഉൾപ്പെടുത്തി അംഗീകരിച്ചു നൽകുകയുണ്ടായി. തുടർന്ന് മാനേജർ ടിയാനെ 1.06.2015 ൽ ഫുൾടൈം എൽ ജി അറബിക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി സെന്റ് അഗസ്റ്റിൻ എൽ പി സ്കൂളിലേക്ക് സ്ഥലം മാറ്റം അനുവദിക്കുകയും ചെയ്തു.

5. നിയമന തീയതിയായ 01-06-2009 മുതൽ 31-05-2011 വരെയുള്ള നിയമനം അംഗീകരിച്ചു നൽകണമെന്നതാണ് Ext.P7 ലെ ആവശ്യം ഹർജിക്കാരൻ ഫയൽ ചെയ്ത റിട്ട് ഹർജിയിന്മേലുള്ള വിധിന്യായത്തിൽ 12.01.2010 തീയതിയിലെ G.O.(P)No.10/10/G.Edn പ്രകാരം മാനേജർ ബോണ്ട് സമർപ്പിച്ചതായി കണക്കാക്കി, Ext.P5 & P6 ന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് നാല് മാസത്തിനുള്ളിൽ തീർപ്പാക്കാനാണ് സർക്കാരിനോട് നിർദ്ദേശിച്ചിരിക്കുന്നത്

6. മേൽ സാഹചര്യത്തിൽ, ബഹു കോടതി വിധിയുടെ അടിസ്ഥാനത്തിൽ, ബഹു: സുപ്രീം

കോടതിയിൽ ഇതു സംബന്ധമായി നിലനിൽക്കുന്ന കേസുകളിലുണ്ടാകുന്ന അന്തിമ വിധിയ്ക്ക് വിധേയമായി, മാനേജർ ബോണ്ട് സമർപ്പിച്ചതായി കണക്കിലെടുത്തുകൊണ്ട് എൽ.ജി അറബിക് (പാർട്ട് ടൈം) തസ്തികയിൽ നിയമന തീയതിയായ 01.06.2009 മുതൽ ശ്രീ റഷീദ് എം എ യുടെ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചു നൽകുന്നതിനുള്ള നിർദ്ദേശം നോർത്ത് പറവൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. ഇപ്രകാരം റിട്ട് ഹർജി നമ്പർ 30183/2022 മേലുള്ള പരാമർശം 1 വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUNITHA.S.GEORGE

അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, നോർത്ത് പറവൂർ, എറണാകുളം- 683513

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോലഞ്ചേരി, എറണാകുളം-682311

ശ്രീ. റഷീദ്.എം.എ, എൽ.ജി.അറബിക് ടീച്ചർ, സെന്റ് അഗസ്റ്റിൻസ് എൽ.പി. സ്കൂൾ, പഴങ്ങനാട്, ആലുവ,എറണാകുളം- 683562

കോർപ്പറേറ്റ് മാനേജർ, എറണാകുളം, അംഗമാലി രൂപത, റിന്യൂവൽ സെന്റർ, കലൂർ, എറണാകുളം- 682017

ഹെഡ്മാസ്റ്റർ, സെന്റ് അഗസ്റ്റിൻസ് എൽ.പി. സ്കൂൾ, പഴങ്ങനാട്, ആലുവ,എറണാകുളം- 683562

ഹെഡ്മാസ്റ്റർ, സെന്റ് പീറ്റേഴ്സ് യു.പി. സ്കൂൾ വടക്കേക്കര, നോർത്ത് പറവൂർ, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Mini.t.r.
Date: 22-02-2023 14:32:38

സെക്ഷൻ ഓഫീസർ